All Kerala Press Release 10.11.2016

# ജോസി ജോസഫും, ബ്ലെയ്സി ബബ്ലിയും, ആൽഡ്രീൻ ജേക്കബും കെ.സി.എസ്.എൽ നേതൃപ്രതിഭകൾ

കൊച്ചി: കാരുണ്യവർഷാചരണത്തോടനുബന്ധിച്ച് കേരളാകാത്തലിക് സ്റ്റുഡന്റ്സ്ലീഗ് സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച നേതൃ പ്രതിഭാനിർണയമത്സരത്തിൽ എച്ച്.എസ്.എസ് വിഭാഗത്തിൽ ജോസി ജോസഫും (ചങ്ങനാശ്ശേരി അതിരൂപത) എച്ച്.എസ്. വിഭാഗത്തിൽ ബ്ലെയ്സി ബബ്ലിയും (കൊല്ലം രൂപത) യു.പി വിഭാഗത്തിൽ ആൽഡ്രിൻ ജേക്കബും (കൊച്ചി രൂപത) ജേതാക്കളായി. ഇവർക്ക് യാഥാക്രമം 10,000 രൂപ, 75,00 രൂപ, 5000 രൂപ എന്നിങ്ങനെ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റുമാണ് ലഭിച്ചത്.

കേരളത്തിലെ 25 രൂപതകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുത്തത്. പങ്കുവയ്ക്കൽ സംസ്ക്കാരത്തിന്റെയും അവയവദാനത്തിന്റെയും സന്ദേശം കുട്ടികളിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംഘടിപ്പിച്ച ദ്വിദിന നേതൃനൈപുണ്യ നിർണ്ണയ പരിപാടികൾക്ക് ഫാ. ഡേവിസ് ചിറമ്മൽ, ബാബു ചിറ്റിലപ്പിള്ളി, ബാസ്റ്റ്യൻ ചെറുവത്തൂർ എന്നിവർ നേതൃത്വം നൽകി. പ്രസംഗപാടവം, രചനാവൈഭവം, പൊതു വിജ്ഞാനം, അവതരണ വൈദഗ്ദ്ധ്യം എന്നിങ്ങനെയുള്ള നേതൃനൈപുണ്യനിർണയ പരിപാടികളാണ് സംഘടിപ്പിക്കപ്പെട്ടത്.

ആയിരം രൂപ വീതമുള്ള ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും ലഭിച്ചവർ: എച്ച്.എസ്.എസ്. വിഭാഗം: 1. സാന്ദ്ര മാർട്ടിൻ (വരാപ്പുഴ) 2. ടാനിയ (ഇരിങ്ങാലക്കുട) 3. ഹിമ (കൊല്ലം). എച്ച്.എസ് – 1. ഷെറിൻ തോമസ് (ചങ്ങനാശ്ശേരി) 2. ദിയ ആൻ (കൊച്ചി). 3. നവ്യ. എൻ. തോമസ് (തൃശൂർ) യു.പി.– റോസ് മരിയ (ചങ്ങനാശ്ശേരി) 2. ഗ്രേസ് എലിസബത്ത് (ഇടുക്കി) 3. നയന സാറ (വരാപ്പുഴ).

സമ്മാനദാന സമ്മേളനം കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി ഫാ. വർഗീസ് വള്ളിക്കാട്ട് ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.എൽ. ജനറൽ ഡയറക്ടർ ഫാ. തോംസൺ പഴയചിറപീടികയിൽ ആമുഖ പ്രസംഗം നടത്തി. സ്റ്റേറ്റ് പ്രസിഡന്റ് കുര്യച്ചൻ പുതുക്കാട്ടിൽ അദ്ധ്യക്ഷതവഹിച്ചു. സാബു തങ്കച്ചൻ നന്ദിപറഞ്ഞു.

**ഫാ. തോംസൺ പഴയചിറപീടികയിൽ**
ജനറൽ ഡയറക്ടർ, കെ.സി.എസ്.എൽ.